ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 23.09.2025**

## പ്രധാനവാർത്തകൾ

1. ദാദാ സാഹിബ് ഫാൽകെ പുരസ്കാരം രാഷ്ട്രപതിയിൽ നിന്നും ഏറ്റുവാങ്ങി മലയാളത്തിൻറെ പ്രിയ താരം മോഹൻലാൽ. കേരളത്തിനിത് അഭിമാന നിമിഷം.

2. മലയാള സിനിമയ്ക്ക് ലഭിച്ച ആദരമാണിതെന്നും, പുരസ്കാരലബ്ധിയിൽ സന്തോഷമുണ്ടെന്നും മോഹൻലാൽ. മികച്ച സഹനടനുള്ള പുരസ്കാരം വിജയരാഘവനും സഹനടിക്കുള്ള പുരസ്കാരം ഉർവശിയും ചടങ്ങിൽ സ്വീകരിച്ചു.

3. പത്താമത് ദേശീയ ആയുർവേദ ദിനം സമുചിതമായി ആഘോഷിച്ച് രാജ്യം. സംസ്ഥാനതല ആയുർവേദ ദിനാചരണം മന്ത്രി വീണാ ജോർജ് ഉദ്ഘാടനം ചെയ്തു.

4. കേരളത്തിലെ നെൽ കർഷകരുടെ പ്രശ്നം പരിഹരിക്കുന്നതിനായി കേന്ദ്ര സംഘം നാളെ ആലപ്പുഴ സന്ദർശിക്കും.

5. ഏഷ്യ കപ്പ് ക്രിക്കറ്റിൽ ഇന്ന് പാകിസ്ഥാൻ- ശ്രീലങ്കയെ നേരിടും.

6. റെക്കോഡ് നിരക്കിൽ സ്വർണവില. ഗ്രാമിന് വില 10,605 രൂപ.

*****************************************

RNU TVPM

## ദേശീയ ചലച്ചിത്ര പുരസ്കാരങ്ങൾ

ദാദാ സാഹിബ് ഫാൽകെ പുരസ്ക്കാരം രാഷ്ട്രപതി ദ്രൗപദി മുർമുവിൽ നിന്നും ഏറ്റുവാങ്ങി മലയാളത്തിൻറെ അഭിമാന താരം മോഹൻലാൽ. ന്യൂഡൽഹിയിലെ വിഗ്യാൻ ഭവനിൽ നടന്ന 71-ാമത് ദേശീയ ചലച്ചിത്ര അവാർഡ് വിതരണ ചടങ്ങിലാണ് രാഷ്ട്രപതി പുരസ്ക്കാരം സമ്മാനിച്ചത്.

(ഹോൾഡ്)

താങ്കൾ ഒരു ഉഗ്രൻ നടനാണെന്ന് ചടങ്ങിൽ പറഞ്ഞുകൊണ്ട് കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ് ശ്രീ മോഹൻലാലിന് അഭിനന്ദനം രേഖപ്പെടുത്തി. സ്വർണ കമലവും 10 ലക്ഷം രൂപയും ഉൾപ്പെടുന്ന ദാദാ സാഹിബ് ഫാൽകെ അവാർഡ് ചലച്ചിത്ര മേഖലയിലെ രാജ്യത്തെ പരമോന്നത പുരസ്ക്കാരമാണ്. മികച്ച നടനുള്ള പുരസ്ക്കാരം ഷാരൂഖ് ഖാനും വിക്രാന്ത് മാസിയും, മികച്ച നടിക്കുള്ള പുരസ്ക്കാരം റാണി മുഖർജിയും ചടങ്ങിൽ ഏറ്റുവാങ്ങി. മികച്ച സഹനടനുള്ള പുരസ്കാരം വിജയരാഘവനും സഹനടിക്കുള്ള അവാർഡ് ഉർവശിയ്ക്കും രാഷ്ട്രപതി സമ്മാനിച്ചു. മികച്ച മലയാള ചിത്രത്തിനുള്ള പുരസ്ക്കാരം ഉള്ളൊഴുക്കിൻറെ സംവിധായകൻ ക്രിസ്റ്റോ ടോമി ഏറ്റുവാങ്ങി. 71-ാമത് ദേശീയ ചലച്ചിത്ര അവാർഡിൽ അഞ്ച് പുരസ്ക്കാരങ്ങളാണ് ഇക്കുറി മലയാളത്തിന് ലഭിച്ചത്.

RNUTVPM

****************************************************

## മോഹൻലാൽ പ്രതികരണം (ഇൻട്രോ)

ദാദാസാഹിബ് ഫാൽക്കേ പുരസ്ക്കാരം മലയാള സിനിമയ്ക്ക് ലഭിച്ച ആദരമാണെന്നും, പുരസ്ക്കാരം ലഭിച്ചതിൽ സന്തോഷവും അഭിമാനവുമുണ്ടെന്നും മോഹൻലാൽ. സ്വപ്നം പോലും കാണാത്ത

നിമിഷമാണിതെന്നും രാഷ്ട്രപതിയിൽ നിന്നും പുരസ്കാരം ഏറ്റുവാങ്ങിയ ശേഷം അദ്ദേഹം പറഞ്ഞു.

(ഹോൾഡ്)

**************************************

## ആയുർവേദ ദിനാചരണം -മന്ത്രി വീണാ ജോർജ്

പത്താമത് ദേശീയ ആയുർവേദ ദിനം സമുചിതമായി ആഘോഷിച്ച് രാജ്യം . "ആയുർവേദം ജനങ്ങൾക്ക്, ആയുർവേദം ഭൂമിക്ക്" എന്നതാണ് ഈ വർഷത്തെ പ്രമേയം. ഗോവയിലെ ഓൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആയുർവേദയിൽ നടന്ന പരിപാടി കേന്ദ്ര ആയുഷ് സഹമന്ത്രി പ്രതാപ്റാവു ജാദവ് ഉദ്ഘാടനം ചെയ്തു .സംസ്ഥാനതല ആയുർവേദ ദിനാചരണവും വിവിധ ആയുർവേദ പദ്ധതികളുടെ ഉദ്ഘാടനവും മന്ത്രി വീണാ ജോർജ് തിരുവനന്തപുരത്ത് നിർവഹിച്ചു . സംസ്ഥാനത്തെ യോഗാ ക്ലബുകൾ 500 ൽ നിന്ന് 10,000 ലേക്ക് ഉയർന്നതായും വിഷാദരോഗം തടയാൻ എല്ലാ ജില്ലകളിലും ഹർഷം ക്ലിനിക് ആരംഭിക്കുമെന്നും മന്ത്രി പറഞ്ഞു. യോഗാ പരിശീലനവുമായി ബന്ധപ്പെട്ട് മൊബൈൽ ആപ്ലിക്കേഷനും ചടങ്ങിൽ പുറത്തിറക്കി.

RNUTVPM

**************************************

## കേന്ദ്ര സംഘം - ആലപ്പുഴ

കേരളത്തിലെ നെൽ കർഷകരുടെ പ്രശ്നം പരിഹരിക്കുന്നതിനായി കേന്ദ്ര കൃഷി മന്ത്രാലയം നിയോഗിച്ച വിദഗ്ദ്ധ സംഘം ആലപ്പുഴയിലെ ചേർത്തല, അന്ധകാരനഴി , കുട്ടനാട്, അപ്പർ കുട്ടനാട്, മേഖലകൾ നാളെ സന്ദർശിക്കും . കേന്ദ്ര കൃഷി വകുപ്പ്

മന്ത്രി ശിവരാജ് സിംഗ് ചൗഹാൻ കുട്ടനാട് സന്ദർശ്ശിക്കുന്നതിന് മുന്നോടിയായിട്ടാണ് 7 അംഗ വിദഗ്ദ്ധ സംഘം എത്തുന്നത് .

************************************

**എ. ഷാജഹാൻ**

സംസ്ഥാനത്തെ തദ്ദേശ പൊതുതെരഞ്ഞെടുപ്പിന് മുന്നോടിയായി തദ്ദേശസ്ഥാപനങ്ങളിലെ സംവരണ വാർഡുകൾ നിശ്ചയിക്കുന്നതിനുള്ള നറുക്കെടുപ്പ് ഒക്ടോബർ 13 മുതൽ 21 വരെ നിശ്ചിത തീയതികളിൽ നടത്തുമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ എ.ഷാജഹാൻ അറിയിച്ചു. തദ്ദേശസ്വയംഭരണ പൊതുതിരഞ്ഞെടുപ്പിന്റെ മുന്നൊരുക്കപ്രവർത്തനങ്ങൾ വിലയിരുത്താനായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ വിളിച്ചു ചേർത്ത ജില്ലാകളക്ടർമാരുടെ യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ത്രിതലപഞ്ചായത്തുകളുടെ വാർഡ് സംവരണം നറുക്കെടുപ്പിലൂടെ നിശ്ചയിക്കാൻ ജില്ലാകളക്ടർമാരെയാണ് അധികാരപ്പെടുത്തിയിട്ടുള്ളത്.

PNU TVPM

************************************

**ക്ഷേമ പെൻഷൻ**

സെപ്റ്റംബറിലെ സാമൂഹ്യസുരക്ഷ, ക്ഷേമനിധി പെൻഷനുകൾ സംസ്ഥാനത്ത് മറ്റന്നാൾ മുതൽ വിതരണം ചെയ്യും. ഇതിനായി 841 കോടി അനുവദിച്ചതായി ധനകാര്യമന്ത്രി കെ എൻ ബാലഗോപാൽ അറിയിച്ചു. 62 ലക്ഷത്തോളം പേർക്കാണ് 1,600 രൂപവീതം ലഭിക്കുന്നത്.

************************************

## ഓപ്പറേഷൻ നുംഖോർ - റെയ്ഡ്

ഓപ്പറേഷൻ നുംഖോറിന്റെ ഭാഗമായി മലപ്പുറത്തെ യൂസ്ഡ് കാർ ഷോറൂമുകളിൽ കസ്റ്റംസ് പരിശോധന നടന്നു. ഭൂട്ടാൻ വഴി ആഡംബര കാറുകൾ നികുതിവെട്ടിച്ച് ഇന്ത്യയിലേക്ക് കടത്തിയതുമായി ബന്ധപ്പെട്ടാണ് റെയ്ഡ്. കൊച്ചി, കോഴിക്കോട്, മലപ്പുറം ജില്ലകളിലെ 30 ഇടങ്ങളിലാണ് ഇന്ന് പരിശോധന നടന്നത്. സിനിമാതാരങ്ങളായ ദുൽഖർ സൽമാൻ, പൃഥ്വിരാജ് എന്നിവരുടെ വീടുകളിലും കസ്റ്റംസ് പരിശോധന നടത്തി.

*************************************

## ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്....

(ബ്രേക്ക്)

*************************************

## സ്വച്ഛതാ ഹീ സേവ

സ്വച്ഛതാ ഹീ സേവ പ്രസ്ഥാനത്തിൽ അണിചേരാൻ രാജ്യത്തെ പൗരന്മാരോട് അഭ്യർത്ഥിച്ച് പ്രധാനമന്ത്രി നരേന്ദ്രമോദി. കൂട്ടായ ഉത്തരവാദിത്തവും, രാജ്യാഭിമാനവും പ്രതിഫലിപ്പിക്കുന്ന സംരംഭമാണിതെന്നും അദ്ദേഹം പറഞ്ഞു. രാജ്യത്തെ ദശലക്ഷക്കണക്കിന് ജനങ്ങളെ ശുചീകരണ പ്രവർത്തനങ്ങളുടെ ഭാഗമാക്കുകയാണ് 15 ദിവസം നീളുന്ന പ്രചാരണത്തിലൂടെ ലക്ഷ്യമിടുന്നത്. ഈ മാസം 17 ന് ആരംഭിച്ച സ്വച്ഛതാ ഹി സേവ കാമ്പയിൻറെ ഒൻപതാം പതിപ്പ് ഒക്ടോബർ-2 ഗാന്ധി ജയന്തി ദിനത്തിലാണ് അവസാനിക്കുക.

*************************************

RNU TVPM

## സേവ പർവ് (ഇൻട്രോ)

പൊതുസേവനവും സദ്ഭരണവും മുഖമുദ്രയാക്കി കേന്ദ്ര സർക്കാർ കഴിഞ്ഞ 11 വർഷത്തിനിടെ നടത്തിയ ഇടപെടലുകൾ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും യുവജനങ്ങളിലെ സംരംഭകത്വം മെച്ചപ്പെടുത്തുന്നതിനും എങ്ങനെ സഹായകരമായി എന്ന് വിശദീകരിക്കുകയാണ് ആകാശവാണിയുടെ പ്രത്യേക പരമ്പരയായ 'സേവ പർവിൽ' ഇന്ന്....

(വോയ്സ്)

***********************************

## ആയുഷ്മാൻ ഭാരത്

ആയുഷ്മാൻ ഭാരത് - പ്രധാൻമന്ത്രി ജൻ ആരോഗ്യ യോജന ഇന്ന് ഏഴ് വർഷം പൂർത്തിയാക്കി. ഒരു കുടുംബത്തിന് പ്രതിവർഷം 5 ലക്ഷം രൂപയുടെ ആരോഗ്യ പരിരക്ഷ നൽകുന്ന പദ്ധതിയിലൂടെ ഏകദേശം 55 കോടിയിലധികം ഗുണഭോക്താക്കൾക്കാണ് ഇതിനകം പ്രയോജനം ലഭിച്ചത്.

RNU TVPM

*********************************

## ദേശീയ പോഷക മാസാചരണണം

ദേശീയ പോഷക മാസാചരണത്തിനോടനുബന്ധിച്ച് തിരുവനന്തപുരം സെൻട്രൽ ബ്യൂറോ ഓഫ് കമ്യൂണിക്കേഷൻ സംഘടിപ്പിക്കുന്ന ത്രിദിന സംയോജിത ബോധവൽക്കരണ പരിപാടിക്ക് തുടക്കമായി. തൈക്കാട് ഭാരത് ഭവനിൽ നടക്കുന്ന പരിപാടി ആന്റണി രാജു എംഎൽഎ ഉദ്ഘാടനം ചെയ്യു. .

*********************************

## ഏഷ്യ കപ്പ് ക്രിക്കറ്റ്

ഏഷ്യ കപ്പ് ക്രിക്കറ്റിൽ ഇന്ന് പാകിസ്ഥാൻ- ശ്രീലങ്കയെ നേരിടും. രാത്രി എട്ടിന് അബുദാബി ഷെയ്ഖ് സൈയിദ് സ്റ്റേഡിയത്തിലാണ് മത്സരം. സൂപ്പർ ഫോറിൽ ഇന്ത്യ-ബംഗ്ലാദേശ് പോരാട്ടം നാളെയാണ്. നിലവിൽ ഗ്രൂപ്പ് എ യിൽ ആറു പോയിന്റുമായി ഒന്നാം സ്ഥാനത്താണ് ഇന്ത്യ.

************************************

## സ്വർണ്ണം / ഓഹരി

സ്വർണ്ണവിലയിൽ റെക്കോർഡ് വർധന. പവന് 1,920 രൂപ ഉയർന്ന് 84,840 രൂപയും ഗ്രാമിന് 240 രൂപ വർധിച്ച് 10,605 രൂപയുമാണ് ഇന്നത്തെ വില. എന്നാൽ, രാജ്യത്തെ ഓഹരി വിപണികൾ ഇന്ന് നഷ്ടത്തിലാണ് വ്യാപാരം അവസാനിപ്പിച്ചത്. സെൻസെക്സ് 58 പോയിന്റ് താഴ്ന്ന് 82,102 ലും നിഫ്റ്റി 33 പോയിന്റ് നഷ്ടത്തിൽ 25,170 ലും വ്യാപാരം അവസാനിപ്പിച്ചു .

RNU TVPM

************************************

## മൻ കി ബാത്ത്

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത്ത് ഈ മാസം 28 ന് രാവിലെ 11 മണിക്ക്. മൻ കി ബാത്തിൻറെ 126-ാം പതിപ്പാണിത്. ദൂരദർശന്റെയും ആകാശവാണിയുടെയും മുഴുവൻ ശൃംഖലകളിലും പരിപാടി ലഭ്യമാകും. മൻ കി ബാത്തിലേക്കുള്ള ആശയങ്ങളും, അഭിപ്രായങ്ങളും 1800-11-7800 എന്ന ടോൾഫ്രീ നമ്പരിലൂടെയും, നരേന്ദ്രമോദി ആപ്പ്, MyGov ഓപ്പൺ ഫോറം എന്നിവയിലൂടെയും ഈ മാസം 26 വരെ പങ്കുവയ്ക്കാം.

**********************************************************************************